പ്രമേഹം, രക്തസമ്മർദ്ദം എന്നീ രോഗങ്ങളെ മോണിറ്റർ ചെയ്യുന്നതിനുള്ള പരിപാടികൾ

14 (*524) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമേഹം, രക്തസമ്മർദ്ദം എന്നീ രോഗങ്ങളെ മോണിറ്റർ ചെയ്യുന്നതിനുള്ള എന്തൊക്കെ പരിപാടികൾക്കാണ് സർക്കാർ ഈ വർഷം രൂപം നൽകിയിരിക്കുന്നത് ;

(ബി) ഇതിനായി ആരോഗ്യ വകുപ്പ് മന്ത്രിയുടെ അമേരിക്കൻ സന്ദർശനവേളയിൽ ഏതെങ്കിലും യു.എസ്. ആരോഗ്യ ഏജൻസികളുമായി ചർച്ച നടത്തിയിരുന്നുവോ ;

(സി) ഇത്തരം അന്തർദേശീയ ആരോഗ്യഏജൻസികളുടെ സഹായത്തോടെ സംസ്ഥാനത്ത് ഇത് സംബന്ധിച്ച് ഒരു ജനകീയ കാമ്പയിൻ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇത്തരം കാമ്പയിൻ നടത്തുന്നതിന് എൻ.ആർ.എച്ച്. എമ്മിൽ നിന്ന് എത്രകോടി രൂപ സഹായധനമായി ലഭ്യമാക്കുമെന്നാണ് കരുതുന്നത് ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):

(എ) പ്രമേഹം, രക്തസമ്മർദ്ദം എന്നീ രോഗങ്ങൾ മോണിറ്റർ ചെയ്യുന്നതിനുള്ള കാമ്പയിൻ 2010 ഏപ്രിൽ 7-ാം തീയതി നടന്ന ലോകാരോഗ്യ ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ ഏകദിന ശിൽപ്പശാലയിൽ തുടക്കം കുറിച്ചു. 2010-11 ബജറ്റിൽ പ്രമേഹവും, രക്തസമ്മർദ്ദവും മോണിറ്റർ ചെയ്യുന്നതിനുള്ള ഒരു കർമ്മ പരിപാടിക്കായുള്ള നിർദ്ദേശമുണ്ട്. ഇത് പ്രകാരം ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തുവാനും, പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും, ജീവനക്കാരുടെയും നേതൃത്വത്തിൽ ആശാ പ്രവർത്തകരെ പഞ്ചായത്ത് തലത്തിൽ പരിശീലിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ദേശീയ ആരോഗ്യ മിഷൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവയിൽനിന്നുള്ള വിദഗ്ദ്ധർ അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും സാങ്കേതിക വശങ്ങൾക്കും രൂപംനൽകുവാനും പുരോഗതി അവലോകനം ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. രോഗനിർണ്ണയം, ചികിത്സ, ആവശ്യമായ പരിശോധനകൾ, രോഗനിയന്ത്രണത്തിനും രോഗ പ്രതിരോധത്തിനും ആവശ്യമായ ജീവിതശൈലി മാറ്റങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ക്കായുള്ള ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവയാണ് വിഭാവനം ചെയ്യുന്നത്.

(ബി) തിരുവനന്തപുരത്തുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ് കേരള സർക്കാരിന്റെയും, വേൾഡ് ഇന്ത്യാ ഡയബറ്റിക്സ് ഫൗണ്ടേഷന്റെയും സംയുക്ത സംരംഭമായി അമേരിക്കയിലെ മയോക്ലിനിക്കിലെ എൻഡോക്രിനോളജി വിഭാഗത്തിന്റെ സഹകരണത്തോടുകൂടി പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ്. എന്നാൽ തുടർന്നുള്ള സഹകരണം യു.എസ്.-ലെ മയോക്ലിനിക്കിൽ നിന്നുണ്ടായില്ല. ജൂലൈ മാസത്തിൽ ആരോഗ്യവകുപ്പ് മന്ത്രിയുടെ അമേരിക്കൻ സന്ദർശന വേളയിൽ യു.എസ്. മയോക്ലിനിക്കുമായി ഇതു സംബന്ധമായ ചർച്ച നടത്തുകയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിന് റിസർച്ചിലും അക്കാഡമിക് തലത്തിലും ഭാവിയിലുള്ള വികസനത്തിനുമാവശ്യമായ ടെക്നിക്കൽ സഹായങ്ങൾക്കും ധാരണയായിട്ടുണ്ട്.

(സി & ഡി) ഈ പദ്ധതിയുടെ വിശദമായ രൂപം തയ്യാറായി വരുന്നതേയുള്ളൂ.

കോസ്റ്റൽ ഷിപ്പിംഗ് നെറ്റ് വർക്ക് ആരംഭിക്കാൻ നടപടി

15 (*525) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ആർ. സെൽവരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടും അവയെ വടക്കേ ഇന്ത്യയിലെ മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ തുറമുഖങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടും ഒരു കോസ്റ്റൽ ഷിപ്പിംഗ് നെറ്റ് വർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ; പദ്ധതി നടപ്പാക്കുന്നതിന് സ്വകാര്യ പങ്കാളിത്തം അനുവദിക്കുമോ ;

(ഡി) സംസ്ഥാനത്തെ തുറമുഖങ്ങളുടെ സുരക്ഷിതത്വത്തിനായി കോസ്റ്റൽ സെക്യൂരിറ്റി നെറ്റ്വർക്ക് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ):

(എ) ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly